പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1698 — 18.06.2012 -ൽ മറുപടിയ്ക്ക്

## ചെക്ക് പോസ്റ്റ് നവീകരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.വി.വിജയദാസ് | | ശ്രീ.കെ.എം.മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | ചെക്ക് പോസ്റ്റ് നവീകരണം സംബന്ധിച്ച് എന്തെങ്കിലും പദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ ; എങ്കിൽ എത്ര നാളുകൾ ക്കുള്ളിൽ പ്രസ്തുത പദ്ധതി പൂർത്തീകരി - ക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ പ്രധാനപ്പെട്ട ചെക്ക്പോസ്റ്റുകൾ നവീകരിക്കുന്നതിനുള്ള പദ്ധതികൾ സർക്കാർ ആസൂത്രണം ചെയ്തിട്ടുണ്ട്. പ്രധാനപ്പെട്ട ചെക്ക് പോസ്റ്റുകൾ എല്ലാം തന്നെ സംയോജിത ചെക്ക്പോസ്റ്റു കളാക്കി മാറ്റുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. അമരവിളയിൽ സംയോജിത ചെക്ക്പോസ്റ്റ് സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു.<br>അമരവിളയിൽ സ്ഥാപിച്ചിട്ടുള്ളതുപോലെ സി.സി.ടി.വി. സംവിധാനം മറ്റു പ്രധാനപ്പെട്ട ചെക്ക്പോസ്റ്റുകളിലും സ്ഥാപിക്കുന്നതിനുള്ള നടപടികൾ പ്രാരംഭ ഘട്ടത്തിലാണ്.<br>സംസ്ഥാനത്തെ പ്രധാനപ്പെട്ട ചെക്ക് പോസ്റ്റുകളെ കമ്പ്യൂട്ടർവത്കരിക്കുകയും ഇ-ഡിക്ലറേഷൻ, എസ്.എം.എസ്. അലർട്ട് തുടങ്ങിയ സംവിധാനങ്ങൾ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.<br>ബംഗ്രമഞ്ചേശ്വരം ചെക്ക്പോസ്റ്റിന്റെ നവീകരണത്തിനുള്ള സ്ഥലമേറ്റെടുക്കൽ നടപടികൾ പൂർത്തിയായി കഴിഞ്ഞു.<br>പ്രധാനപ്പെട്ട ചെക്ക്പോസ്റ്റുകളായ അമരവിള, വാളയാർ, മുത്തങ്ങ, ആര്യങ്കാവ് തുടങ്ങിയ ചെക്ക്പോസ്റ്റുകൾ നവീകരിക്കുന്നതിനു<br>(.......................2) |

| | | | |
|---|---|---|---|
| | | | വേണ്ടിയുള്ള സ്ഥലമേറ്റെടുക്കൽ നടപടികൾ റവന്യു വകുപ്പ് ചെയ്തു വരുന്നു. സ്ഥലമേറ്റെടുക്കൽ നടപടികൾ പൂർത്തിയാകുന്ന-തിനനുസരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ച് പദ്ധതി പൂർത്തീകരിക്കുന്നതാണ്. |
| (ബി) | വാളയാർ ചെക്ക് പോസ്റ്റിലെ ഗതാഗതക്കുരുക്ക് ഇല്ലാതാക്കുന്നതിനായി ആവശ്യമായ ക്രമീകരണങ്ങൾ വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ ? | (ബി) | ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ 13.09.2011 ന് പാലക്കാട് വച്ചു നടന്ന മീറ്റിങ്ങിൽ വാളയാറിലെ ഗതാഗതകുരുക്ക് ഇല്ലാതാക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. ഇതനുസരിച്ച് 15.09.2011 ന് റവന്യൂ, വാണിജ്യ നികുതി, പൊതുമരാമത്ത്, പോലീസ്, എക്സൈസ് വകുപ്പ് ഉദ്യോഗസ്ഥർ വാളയാറിൽ സംയുക്ത പരിശോധന നടത്തി ഗതാഗതക്കുരുക്ക് ഇല്ലാതാക്കുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. ആയത് പ്രകാരം വാണിജ്യ നികുതി വകുപ്പ് ചെയ്യേണ്ട പ്രവർത്തികൾക്ക് ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ പാലക്കാട് വാണിജ്യ നികുതി ഡെപ്യൂട്ടി കമ്മീഷണറെ ചുമതല -പ്പെടുത്തിയിട്ടുണ്ട്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ